**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1158** **09-10-2024 - ൽ മറുപടിയ്ക്ക്**

**പാരമ്പര്യകലകളുടെ സംരക്ഷണവും പ്രോത്സാഹനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പാരമ്പര്യകലകളുടെ സംരക്ഷണവും പ്രോത്സാഹനവും ലക്ഷ്യമിട്ട് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശവും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ; | (എ) | പാരമ്പര്യ കലകളെ സംരക്ഷിക്കുന്നതിനും വരും തലമുറയ്ക്ക് തനിമ ചോരാതെ കൈമാറുന്നതിനുമായി കേരള സംഗീത നാടക അക്കാദമി, ലളിത കല അക്കാദമി, ഫോക് ലോർ അക്കാദമി , സാഹിത്യ അക്കാദമി, ഭാരത് ഭവൻ എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഗ്രാമീണ കലാകേന്ദ്ര പദ്ധതി അഥവാ റൂറൽ ആർട്ട് ഹബ് പദ്ധതിയുടെ നിർവഹണ ഏജൻസിയായി വാസ്തുവിദ്യാഗുരുകുലം പ്രവർത്തിക്കുന്നു. കരകൗശല പാരമ്പര്യം സംരക്ഷിക്കുക, കലാകാരന്മാർക്ക് വിദഗ്ധ പരിശീലനം നൽകി അവരുടെ നൈപുണ്യം വികസിപ്പിക്കുക, ഈടുറ്റ വിപണി ബന്ധങ്ങൾ സ്ഥാപിക്കുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കലാകാരന്മാരുടെ സുസ്ഥിരവികസനം ഉറപ്പാക്കുക തുടങ്ങിയ ഉദ്ദേശ ലക്ഷ്യങ്ങളോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ്. പാരമ്പര്യ കരകൗശല പ്രവർത്തനങ്ങൾ അന്യം നിന്നുപോകാതെ സംരക്ഷിക്കുകയാണ് ടി പദ്ധതിയുടെ ലക്ഷ്യം. നിലവിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള സാംസ്കാരിക സമുച്ചയങ്ങളിൽ കലാകേന്ദ്രം പദ്ധതിയിൻ കീഴിൽ പാരമ്പര്യ കരകൗശല ഉൽപന്നങ്ങളുടെ പ്രദർശന വിപണനത്തിനായി സജ്ജീകരണങ്ങൾ ഒരുക്കുന്നതിനു തീരുമാനമെടുത്തിട്ടുണ്ട്. നിർമ്മാണം പൂർത്തിയായ കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിൽ മേൽപറഞ്ഞപ്രകാരം ഷോപ്പ് അനുവദിച്ചു സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾ ഏതൊക്കെ സ്ഥാപനങ്ങൾ മുഖേനയാണ് നടപ്പാക്കിവരുന്നതെന്നും എല്ലാ ജില്ലകളിലും പ്രാദേശിക കേന്ദ്രങ്ങൾ സ്ഥാപിച്ച് പാരമ്പര്യകലകളുടെ വ്യാപനം സാധ്യമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ; | (ബി) | പാരമ്പര്യ കലകളെ സംരക്ഷിക്കുന്നതിനും വരും തലമുറയ്ക്ക് തനിമ ചോരാതെ കൈമാറുന്നതിനുമായി കേരള സംഗീത നാടക അക്കാദമി, ലളിത കല അക്കാദമി, ഫോക് ലോർ അക്കാദമി , സാഹിത്യ അക്കാദമി, ഭാരത് ഭവൻ എന്നീ സ്ഥാപനങ്ങളുമായി |

| | | | |
|---|---|---|---|
| | നിലവിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള സാംസ്കാരിക സമുച്ചയങ്ങൾ ഈ ആവശ്യത്തിനുകൂടി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | | ബന്ധപ്പെട്ട കലാരൂപങ്ങൾ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഗ്രാമീണ കലാകേന്ദ്ര പദ്ധതി അഥവാ റൂറൽ ആർട്ട് ഹബ് പദ്ധതിയുടെ നിർവഹണ ഏജൻസിയായി വാസ്തുവിദ്യാഗുരുകുലം പ്രവർത്തിക്കുന്നു. കരകൗശല പാരമ്പര്യം സംരക്ഷിക്കുക, കലാകാരന്മാർക്ക് വിദഗ്ധ പരിശീലനം നൽകി അവരുടെ നൈപുണ്യം വികസിപ്പിക്കുക, ഈടുറ്റ വിപണി ബന്ധങ്ങൾ സ്ഥാപിക്കുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കലാകാരന്മാരുടെ സുസ്ഥിരവികസനം ഉറപ്പാക്കുക തുടങ്ങിയ ഉദ്ദേശ ലക്ഷ്യങ്ങളോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ്. പാരമ്പര്യ കരകൗശല പ്രവർത്തനങ്ങൾ അന്യം നിന്നുപോകാതെ സംരക്ഷിക്കുകയാണ് ടി പദ്ധതിയുടെ ലക്ഷ്യം. നിലവിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള സാംസ്കാരിക സമുച്ചയങ്ങളിൽ കലാകേന്ദ്രം പദ്ധതിയിൻ കീഴിൽ പാരമ്പര്യ കരകൗശല ഉൽപന്നങ്ങളുടെ പ്രദർശന വിപണനത്തിനായി സജ്ജീകരണങ്ങൾ ഒരുക്കുന്നതിനു തീരുമാനമെടുത്തിട്ടുണ്ട്. നിർമ്മാണം പൂർത്തിയായ കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിൽ മേൽപറഞ്ഞപ്രകാരം ഷോപ്പ് അനുവദിച്ച സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (സി) | ദേശീയ, അന്തർദേശീയ വേദികളിൽ കേരളത്തിന്റെ പാരമ്പര്യകലകൾ അവതരിപ്പിക്കുന്നതിന് പ്രാപ്തമാക്കുന്ന വിധത്തിൽ യുവതീയുവാക്കൾക്ക് പരിശീലനം നൽകുന്നതിന് പദ്ധതി രൂപീകരിക്കുമോ; | (സി) | അപ്രകാരമുള്ള പദ്ധതികൾ നിലവിലുണ്ട്. വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി മുഖേന ക്ലാസ്സിക്കൽ, സമകാലീന, ഫോക് ലോർ, അഭിനയ കലകളിലായി 45 ഓളം കലാരൂപങ്ങളിൽ നിശ്ചിത യോഗ്യത നേടിയ 1000 യുവകലാകാരന്മാരെ തെരഞ്ഞെടുത്ത് കേരളത്തിലങ്ങോളമിങ്ങോളമുള്ള വിവിധ ബ്ലോക്ക്/ മുനിസിപ്പാലിറ്റി /കോർപ്പറേഷൻ ക്ലസ്റ്ററുകളിലായി വിന്യസിച്ച് പ്രായഭേദമന്യേ സൗജന്യ സാമൂഹ്യ കലാപരിശീലനം നൽകി വരുന്നുണ്ട്.<br><br>വാസ്തുവിദ്യാ വിഷയങ്ങളിലും ചുമർചിത്രകലയിലും വിവിധ അക്കാദമിക് വാസ്തുവിദ്യാഗുരുകുല കോഴ്സുകൾ വിദ്യാർത്ഥികൾക്കായി നടത്തിവരുന്നുണ്ട്. പരമ്പരാഗത ചുമർചിത്രം, പരമ്പരാഗത കളിമൺശില്പം, വെങ്കല – കരിങ്കൽ ശില്പം, ദാരുശില്പം തുടങ്ങിയ തനത് കലകളെ പ്രോത്സാഹിപ്പിക്കുന്നതിനായി ക്യാമ്പുകളും വർക്ക്ഷോപ്പുകളും എക്സിബിഷനുകളും ലളിത കലാ അക്കാദമി സംഘടിപ്പിച്ച് വരുന്നുണ്ട്.<br><br>മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി മാപ്പിള കലകളുടെ സംരക്ഷണത്തിനായി |

| | | | |
|---|---|---|---|
| | | | കലാപഠന ക്യാമ്പുകളും റഗുലർ ക്ലാസുകളും ശിൽപശാലകളും നടത്തി വരുന്നുണ്ട്. |
| (ഡി) | പാരമ്പര്യകലകളുടെ പ്രോത്സാഹനത്തിനായി പ്രവർത്തിച്ചുവരുന്ന സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകിവരുന്ന ധനസഹായം കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | പാരമ്പര്യ കലകളുടെ പ്രോത്സാഹനത്തിനായി പ്രവർത്തിക്കുന്ന വാസ്തുവിദ്യാഗുരുകുലം, ഗുരു ഗോപിനാഥ് നടനഗ്രാമം എന്നീ സ്ഥാപനങ്ങൾക്കുള്ള ബജറ്റ് വിഹിതവും ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകൾക്ക് നൽകുന്ന അനാവർത്തന ഗ്രാന്റിനുള്ള ബജറ്റ് വിഹിതവും നടപ്പ് സാമ്പത്തിക വർഷം വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ, ഗോത്രകലയുടെയും സംസ്കാരത്തിന്റെ പ്രോത്സാഹനവും സംരക്ഷണവും ലക്ഷ്യമാക്കി പദ്ധതികൾ നടപ്പിലാക്കുന്നതിന് ബജറ്റ് ശീർഷകവും വിഹിതവും പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | പാരമ്പര്യകലകളുടെയും ശാസ്ത്രീയകലകളുടെയും സ്വീകാര്യത അന്താരാഷ്ട്രതലത്തിൽ ഉറപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ ഒരു സാംസ്കാരിക സർവകലാശാലയ്ക്ക് രൂപം കൊടുക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കാമോ? | (ഇ) | നിലവിൽ കൽപിത സർവ്വകലാശാലയായി പ്രവർത്തിച്ച് വരുന്ന കേരളകലാമണ്ഡലം സാംസ്കാരിക സർവ്വകലാശാലയായി ഉയർത്തുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. സമ്പൂർണ്ണ സർവ്വകലാശാല രൂപീകരിക്കുന്നതിന് പദ്ധതി രേഖ തയ്യാറാക്കുന്നതിനായി ഡോ.സുഭാഷ് ചന്ദ്രനെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും അദ്ദേഹം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേരള കലാമണ്ഡലത്തിന്റെ 27.03.2024-ൽ ചേർന്ന എക്സിക്യൂട്ടീവ് ബോർഡ് പ്രസ്തുത വിഷയം പരിശോധിക്കുകയും തുടർ പ്രവർത്തനങ്ങൾക്കായി ഒരു കമ്മിറ്റി രൂപീകരിച്ചു കൊണ്ട് 11.04.2024-ലെ കെകെഎംഡിയു/പിഎസ് വി സി/101/2024 നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. കമ്മിറ്റി മേൽ വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"
A2/118/2023-CLAD

## കേരള സർക്കാർ

### സംഗ്രഹം

സാംസ്കാരികകാര്യ വകുപ്പ് -കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിലെ ഒരു ഷോപ്പ് ഗ്രാമീണ കലാകേന്ദ്രം പദ്ധതിയുടെ ഉത്പന്നങ്ങളുടെ പ്രദർശന വിപണനത്തിനും, ഒരു ഷോപ്പ് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, ചലച്ചിത്ര അക്കാദമി തുടങ്ങിയ സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രസിദ്ധീകരണങ്ങൾ വിൽപ്പന നടത്തുന്നതിന് ബുക്ക് മാർക്കിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാംസ്കാരികകാര്യ (എ) വകുപ്പ്

സ.ഉ.(സാധാ) നം.558/2024/CLAD തീയതി,തിരുവനന്തപുരം, 26-09-2024

---

പരാമർശം:- 1. സ.ഉ.(സാധാ)നം.556/2023/CLAD തീയതി, 21.10.2023

2. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 13.08.2024 തീയതിയിലെ പി4-966/23/സാം.വ നമ്പർ കത്ത്

### ഉത്തരവ്

കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിലെ വിവിധ സൗകര്യങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകളും നിരക്കുകളും അംഗീകരിച്ചുകൊണ്ട് പരാമർശം (1)പ്രകാരം ഉത്തരവായിട്ടുണ്ട്.

2. കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിലെ ഒരു ഷോപ്പ് ഗ്രാമീണ കലാകേന്ദ്രം പദ്ധതിയുടെ ഉത്പന്നങ്ങളുടെ പ്രദർശന വിപണനത്തിനും, ഒരു ഷോപ്പ് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, ചലച്ചിത്ര അക്കാദമി തുടങ്ങിയ സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രസിദ്ധീകരണങ്ങൾ വിൽപ്പന നടത്തുന്നതിന് ബുക്ക് മാർക്കിന് അനുമതി നല്കണമെന്നതിൽ പരാമർശം (2) പ്രകാരം ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിലെ ഒരു ഷോപ്പ് ഗ്രാമീണ കലാകേന്ദ്രം പദ്ധതിയുടെ ഉത്പന്നങ്ങളുടെ പ്രദർശന വിപണനത്തിനും ഒരു ഷോപ്പ് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, ചലച്ചിത്ര അക്കാദമി തുടങ്ങിയ സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രസിദ്ധീകരണങ്ങൾ വിൽപ്പന നടത്തുന്നതിന് ബുക്ക് മാർക്കിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു:-

1) കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിലെ ഒരു മുറി ബുക്ക് മാർക്കിന് വിപണന കേന്ദ്രത്തിനായും ഒരു മുറി ഗ്രാമീണ കലാകേന്ദ്രം പദ്ധതിയുടെ ഉത്പ്പന്ന പ്രദർശനവിപണനത്തിനായും അനുവദിക്കുമ്പോൾ ഒരു നിശ്ചിത തുക വാടകയിനത്തിൽ ഈടാക്കുന്നതാണ്.

2) ഗ്രാമീണ കലാകേന്ദ്രം പദ്ധതിയുടെ പ്രദർശന വിപണന കേന്ദ്രത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാർ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിന്റെ ജീവനക്കാർക്കൊപ്പം കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിലെ പ്രവർത്തനങ്ങളിൽ സഹകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

3) സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ്, വാസ്തുവിദ്യാ ഗുരുകലം, ബുക്ക് മാർക്ക് എന്നീ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട് കാലാവധി നിശ്ചയിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷിണി തങ്കച്ചി പി
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം (താത്കാലിക സമിതി അംഗങ്ങൾക്ക് -ഡയറക്ടർ മുഖേന നൽകുന്നതിനായി )
സെക്രട്ടറി , ബുക്ക് മാർക്ക് , തിരുവനന്തപുരം
ജില്ലാ കളക്ടർ, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 26-09-2024 17:09:57

Kerala Kalamandalam (Deemed to be University) for Art & Culture
Vallathol Nagar

**(Abstract)**

Kerala Kalamandalam Deemed to be University for Art and Culture – Constitution of a Committee to study further action and to frame modalities in transforming of Kerala Kalamandalam to a full-fledged University – Minutes of Executive Board implemented – Orders Issued:-

No: KKMDU/PSVC/101/2024 Date: 11/04/2024

Read: - 1. Minutes of meeting of Executive Board held on 27/03/2024 vide item no. 23.1.
2. Orders of the Vice-Chancellor, dated. 09/04/2024.

**Order**

As per the read 1st above, the Executive Board of the University has decided to constitute a committee with following members to take up further action and to frame modalities in transforming Kerala Kalamandalam to a full-fledged University.

| | | |
|---|---|---|
| 1. | Dr. Jayaprakash | Director, SCERT |
| 2. | Dr. Sindhu Thulaseedharan | Professor, Dept. of Law, University of Kerala |
| 3. | Dr. Shiju Joseph | HoD, Psychology Dept, Women's College, Trivandrum |
| 4. | Dr. T.S. Madavankutty | Chief R & D, Kottakkal Aryaviadyasala |
| 5. | Sri. V. Ramankutty | Educational Expert |
| 6. | Sri. M.P.S. Nambuthiri | Kathakali Performer |
| 7. | Sri. Venuji | Koodiyattam Performer |
| 8. | Dr. Rajasree Warrier | Bharathanatyam Performer |
| 9. | Dr. Rajeshkumar. P | Registrar, Kerala Kalamandalam (Convenor) |

As per the read 2nd above, Vice-Chancellor has ordered to implement the above decision of the Executive Board and the following terms of reference are to be considered in preparing the report in this regard.

Terms of Reference

1. To assess the current structure of Kerala Kalamandalam in order to see the limitation and possibilities in the context of transforming Kerala Kalamandalam in to a full-fledged University.
2. To re-evaluate admission system in Kerala Kalamandalam from school level to PG level, to ascertain the relevance of secondary school level education in the changing educational scenario.
3. To advise on required modification based on available documents prepared to transform Kerala Kalamandalam into the full-fledged University.

4. To re-assess the administrative, academic and governing system of Kerala Kalamandalam and to set-up in a new academic and administrative system in appropriation with principles of culture management.
5. Any other relevant matters come to the attention of the members in this regard.

Orders are issued accordingly,

Kerala Kalamandalam
Vallathol Nagar,
Cheruthuruthy-679531
(Deemed to be University) for Art and Culture

**Registrar**
Kerala Kalamandalam

To

All the related concern Members

Copy to:

1. PS to VC / PA to Registrar
2. Finance Officer
3. Deputy Registrar
4. Assistant Registrar (Administrative Section/ Academic Section)
5. File